അക്കാദമിക മാസ്റ്റർപ്ലാൻ

**2025-2026**

# “ജ്യോതിസ്സ്”

ജി ഡബ്ല്യൂ എൽ പി എസ്

ഷിരിബാഗില

## ഉൾപ്പേജുകളിൽ....


* ആമുഖം
* വിദ്യാലയത്തിന്റെ ലഘുചരിത്രം
* വിദ്യാലയം- വിവരങ്ങൾ
* അക്കാദമിക മാസ്റ്റർപ്ലാൻ
    * മലയാളം
    * ഇംഗ്ലീഷ്
    * ഗണിതം
    * പരിസരപഠനം
* ഉപസംഹാരം

# ആമുഖം

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആയി മാറുന്ന നവയുഗമാണിത്. വിദ്യാർത്ഥിയുടെ സമഗ്രമായ വികാസം എന്ന ലക്ഷ്യമാണ് ആധുനിക പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ കാതൽ. സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിൽ ഓരോ പഠിതാവിന്റെയും തലങ്ങളെ പരിഗണിക്കേണ്ടിയിരിക്കുന്നു. വാക്കുകളിൽ ഒതുങ്ങുന്ന ശിക്ഷണ സമ്പ്രദായം അകന്നു പോയ ഈ കാലഘട്ടത്തിൽ വ്യക്തവും സ്പഷ്ടവും ആയ ആസൂത്രണം അത്യന്താപേക്ഷിതമാണ്. ക്ലാസ്മുറിയിലെ മികവുകൾ വിദ്യാലയമികവുകൾ എന്ന രീതിയിലേക്ക് മാറണം. എങ്കിൽ ഏകീകൃതമായ പഠനതന്ത്രങ്ങൾ കൃത്യമായ മാനദണ്ഡങ്ങളോടെ നടപ്പിലാക്കേണ്ടി വരും. ഒരു വിദ്യാലയത്തിന്റെ 'അക്കാദമിക മാസ്റ്റർപ്ലാനിന്റെ ആവശ്യകത ഇവിടെയാണ് ഉയരുന്നത്.

വിദ്യാലയങ്ങളിൽ, ഓരോ കുട്ടിക്കും വിദ്യാലയ അന്തരീക്ഷവും, പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക എന്നതാണ് ഈ 'അക്കാദമിക മാസ്റ്റർപ്ലാനിന്റെ ലക്ഷ്യം. ഈ

അക്കാദമിക വർഷം സ്കൂളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതനവും പ്രയോജനകരവും ആയ ഒട്ടേറെ കാര്യങ്ങൾ ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അധ്യാപകർ, വിദ്യാർത്ഥികൾ, PTA അംഗങ്ങൾ തുടങ്ങി സ്കൂളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരും സഹകരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ വർഷം നടത്തപ്പെടുന്നു. കുട്ടികൾക്ക് ഏറ്റവും പ്രയോജനകരമായ ഒന്നായി ഈ മാസ്റ്റർപ്ലാൻ മാറും എന്ന് പ്രതീക്ഷിക്കുന്നു...



# വിദ്യാലയത്തിന്റെ ലഘുചരിത്രം.

കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഉളിയത്തടുക്ക എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ. വെൽഫെയർ എൽ പി സ്കൂൾ ഷിരിബാഗിലു. 'ഷിരി' (സമ്പത്ത്), 'ബാഗിലു' (വാതിൽ) എന്നീ വാക്കുകളിൽ നിന്നാണ് 'ഷിരിബാഗിലു' എന്ന പേര് ലഭിച്ചത്. സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി 1915-ൽ പുളിക്കൂർ എന്ന സ്ഥലത്ത് ആരംഭിച്ച ഈ വിദ്യാലയം പിന്നീട് സ്ഥലസൗകര്യം ഇല്ലാത്തതു കാരണം 1920ൽ അന്നത്തെ മദ്രാസ് ഹൈക്കോടതിയിലെ അഭിഭാഷകൻ ആയിരുന്ന റാവു സാഹിബ് ഷിരിബാഗിലു രാമയ്യ നായിക് ദാനം ചെയ്ത 6.68 ഏക്കർ സ്ഥലത്ത് വെൽഫെയർ ഡെവലപ്മെന്റിന്റെ കീഴിൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. മെച്ചപ്പെട്ട ഭൗതിക സാഹചര്യത്തിനൊപ്പം മികവുറ്റ അക്കാദമിക പ്രവർത്തനങ്ങളും വിദ്യാലയത്തിന്റെ പ്രത്യേകതകളായി നിലനിന്നു പോരുന്നു.

# സ്കൂൾ വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : GWLPS ഷിരിബാഗിലു.

സ്കൂൾ കോഡ് : 11447

UDISE കോഡ് : 32010300203

വിലാസം : ഷിരിബാഗിലു (P.O),
കാസറഗോഡ് - 671 124

ഇ-മെയിൽ ഐഡി : www.gwlpsshiribagilu@gmail.com

വിദ്യാഭ്യാസ ഉപജില്ല : കാസറഗോഡ്

വിദ്യാഭ്യാസ ജില്ല : കാസറഗോഡ്

സ്ഥാപിത വർഷം : 1920

ഡിപ്പാർട്ട്മെന്റ് : പൊതുവിദ്യാഭ്യാസം.

പഞ്ചായത്ത് : മധൂർ

സ്കൂൾ മാനേജ്മെന്റ് : ഗവൺമെന്റ്

സ്കൂൾ സെക്ഷൻ : എൽ പി.

സ്കൂൾ ലെവൽ : LKG - STD V

പ്രധാനാധ്യാപിക : ശശികല. സി. എച്ച്

പി.ടി.എ പ്രസിഡന്റ് : സക്കറിയ കുന്നിൽ

മദർ പി.ടി.എ പ്രസിഡന്റ് : ആബിദ പുളിക്കൂർ

പഠന മാധ്യമം : കന്നഡ, മലയാളം & ഇംഗ്ലീഷ്

അധ്യാപകരുടെ എണ്ണം : 17.

## വിഷയം: <u>മലയാളം</u>

**ലക്ഷ്യങ്ങൾ:**

- ഭാഷാപരമായ കഴിവ് വികസിപ്പിക്കുന്നതിന് ഉള്ള പദ്ധതിയാവിഷ്കരണം.
- കുട്ടിയെ മികച്ച വായനക്കാരനാക്കുക.
- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരനാക്കുക.
- വ്യത്യസ്തതലങ്ങളിൽ കൂടിയുള്ള വായനയിലേക്ക് നയിക്കുക.
- സർഗവേദികളിലൂടെ ആവിഷ്കരണത്തിന് സാധ്യത ഒരുക്കുക.
- സ്വതന്ത്രരചനയിലേക്ക് നയിക്കുക, പ്രോത്സാഹനം നൽകുക.

| ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപരമായ കഴിവ് വികസിപ്പിക്കുന്നതിന് (അക്ഷരം, ചിഹ്നം, വാക്കുകൾ, വാക്യങ്ങൾ) | • അക്ഷരകാർഡ് ഉപയോഗിച്ചുള്ള കളികൾ, അക്ഷരങ്ങൾ ഉപയോഗിച്ചുള്ള ചിത്രം വരയ്ക്കൽ, ചിത്രവായന, ചിത്രത്തിന് അടിക്കുറിപ്പ്, കഥയുടെ ബാക്കി പറയൽ,... | ഹ്രസ്വകാലം | അദ്ധ്യാപിക, SRG. | PTA. |
| • കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിന് | • ചിത്രത്തിലുൾപ്പെടുത്തിയ വാക്കുകൾ വായിക്കുന്നു. ICT ഉൾപ്പെടുത്തിയിട്ടുള്ള വായന ചിത്രീകരണത്തിലൂടെ കുട്ടി വായിക്കുന്നു. ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തൽ, വായനമൂല, സ്കൂൾ ലൈബ്രറി, അമ്മൂമ്മക്കഥകൾ | ജൂൺ - ആഗസ്റ്റ് | അദ്ധ്യാപിക, SRG | PTA, രക്ഷിതാക്കൾ BRC. |
| • എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരൻ | • പത്രവായന<br>• പുസ്തകചർച്ച. | | | |

| | | | | |
|---|---|---|---|---|
| ആക്കി മാറ്റുക.<br>(നാലാം ക്ലാസുകാർക്ക്) | • വായനാനുഭവം പങ്കുവയ്ക്കൽ<br>• സാഹിത്യസല്ലാപം.<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>• ആനുകാലിക പ്രസിദ്ധീകരണം<br>• മാനവികമൂല്യബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ (ഗുണപാഠകഥകൾ, കവിതകൾ, ICT സാധ്യതകൾ, ഡോക്യുമെന്ററി പ്രദർശനം, ...) | ദീർഘ കാലം | അധ്യാപിക, വിദ്യാരംഗം ക്ലബ്ബ് അംഗങ്ങൾ | PTA. |
| • വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യത്യസ്ത തലങ്ങളിൽ കൂടിയുള്ള വായന. | • വായനക്കുറിപ്പ് തയ്യാറാക്കൽ, സമ്മാനം നൽകൽ, ഇ-വായന, അമ്മ വായന, അച്ഛൻ വായന, വായനാക്കൂട്ടം, ഭാവാത്മക വായന. | ജൂലൈ മുതൽ ഡിസംബർ വരെ | അധ്യാപിക, ലൈബ്രറി ചാർജുള്ളവർ, കൂട്ടുകാർ | PTA, BRC. |

| | | | | |
|---|---|---|---|---|
| സർഗവേദി | • പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, എന്നിവ കണ്ടെത്തുന്നു.<br>• കഥാപൂരണം<br>• കവിതാപൂരണം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| സ്വതന്ത്രരചന. | • ഡയറിക്കുറിപ്പ്<br>• കഥാരചന, കവിതാരചന<br>• നാടകരചന<br>• സവിശേഷസന്ദർഭങ്ങളിൽ ഉള്ള സ്വതന്ത്രരചന.<br>• വിശകലനക്കുറിപ്പ്, പത്രവാർത്ത, സന്ദേശങ്ങൾ, കൈയെഴുത്തു മാസിക എന്നിവ തയ്യാറാക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചർ, BRC PTA | BRC. |

# SUBJECT : ENGLISH

## Aims :

- Enable the backward students to learn (read & write) English alphabets.
- Enable all the students to read and write simple words then to sentences.
- To Improve listening, speaking, reading and writing skills
- Creates more opportunities for speaking English in the classrooms.

| Aims | Activities | Duration. | Charge. | Economic Source. |
| --- | --- | --- | --- | --- |
| • Enable the backward students to learn (read & write) English alphabets. | • Introduction of picture cards along with alphabets.<br>• Use of stampit.<br>(Alphabets are introduced while using stampits)<br>• Alphabets chain.<br>Make students to engage in making alphabets chains.<br>• Snake chain:<br>Alphabets are sticked on a snake shaped chart paper to make interest in English learning.<br>• Draws pictures from alphabets | June - July | Class teacher<br>PTA<br>SRG | PTA |

| | | | | |
|---|---|---|---|---|
| • Enable the students to read and write simple words then to sentences | • Introduction of rhythmic words.<br>Eg: Sin - kin, Fish - Dish, etc.<br>• Reciting rhymes.<br>• Word chain game.<br>Eg: Log → Goat → Tin → Note<br>• Circle the word from TB.<br>• Find sentences from text book. | Class July to August | Class teacher | PTA |
| • To improve listening, speaking, reading and writing skills. | Listening:<br>• Action songs<br>• Hello English activities.<br>• Conversation, stories – Listening.<br>Reading:<br>• Description.<br>• Growing sentences.<br>• Assembly activities. | June to August.<br>August to September | Class teacher<br>Class teacher | |

| | | | | |
|---|---|---|---|---|
| | Speaking<br>• Teacher gives instructions in English. (Communication through English)<br>• Conversation - discourses are repeatedly given in classrooms.<br>• English day celebration<br>• Reading corner in class. | September. to December. | Class teache | |
| | Writing:<br>• Story writing<br>• Diary writing<br>• Designing invitation cards.<br>• Making riddles and puzzles<br>• Poster making. | September to Februay. | Class teacher. | |

# വിഷയം : ഗണിതം.

## ലക്ഷ്യങ്ങൾ :

- ഗണിതപരമായ ചിന്താക്കുഴപ്പം പരിഹരിക്കൽ
- ഗണിത പഠനത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ.
- കുട്ടികളിൽ സംഖ്യാബോധം വളർത്തിയെടുക്കൽ.
- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടുന്നതിന്
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • ഗണിതപഠനത്തിൽ അഭിരുചി വളർത്തുന്നതിന് | • ഗണിതപ്പാട്ടുകൾ<br>• കളികൾ<br>• ആകർഷണീയമായ ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ<br>• ശില്പശാല | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | BRC |
| • ഗണിതപഠനവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ് നടത്തൽ<br>• സംഖ്യാബോധം വളർത്തുന്നതിനായി പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ | SRG |
| • ഗണിതപഠനം ആസ്വാദ്യകരമാക്കൽ | • ഗണിതപഠനം ആസ്വാദ്യകരമാക്കുന്ന പ്രവർത്തനങ്ങൾ ക്ലാസിൽ ആസൂത്രണം ചെയ്യുന്നു<br>• ക്വിസ് മത്സരം.<br>• പസിലുകൾ | മൂന്നു മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| | • ഐസിടി സാധ്യതകൾ<br>• നിർമാണ പ്രവർത്തനങ്ങൾ<br>• ഗണിതമൂല<br>• ഗണിതലാബ് ഉപയോഗം. | | | |
| ഗണിതക്ലബ്ബ് രൂപീകരിക്കൽ | • എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>• പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു.<br>• പ്രവർത്തനങ്ങൾ നടപ്പിലാക്കിയവ പൊതുജനശ്രദ്ധയിൽ എത്തിക്കുന്നു | വർഷം മുഴുവൻ | SRG അധ്യാപകർ | രക്ഷിതാക്കൾ BRC. PTA. |
| ഗണിതലാബ് | ഗണിത റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡലുകൾ, ചുമർ ഗണിത ചിത്രങ്ങൾ, മോഡൽ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയ | | | |

| | | | | |
|---|---|---|---|---|
| | രൂപങ്ങൾ, മുത്തുകൾ എന്നിവ ശേഖരിച്ച് ക്ലാസ്സിൽ സജ്ജീകരിക്കുന്നു. | | | |
| ലിറ്റിൽ മാസ്റ്റർ. | ഗണിത ശാസ്ത്രത്തിൽ മികച്ച കുട്ടികളെ കണ്ടെത്തി ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു. പ്രോത്സാഹനം നൽകുന്നു. | മാസത്തിൽ ഒരിക്കൽ | ഗണിത ക്ലബ്ബ് | PTA |
| കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുന്നതിന് | • അബാക്കസ്, സംഖ്യാബോർഡുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>• വർക്ക്ഷീറ്റുകൾ<br>• രക്ഷിതാക്കളുമായി ചർച്ച.<br>• ഉല്ലാസഗണിതം, ഗണിതവിജയം | ജൂൺ - ആഗസ്റ്റ് | HM അധ്യാപകർ | BRC. |
| യുക്തിചിന്ത, മനക്കണക്കുകൾ എന്നിവയിൽ കഴിവ് നേടുന്നതിന് | • പാഠസൂത്രണം.<br>• കുസൃതിക്കണക്കുകൾ; മനക്കണക്കുകൾ<br>• ദൃശ്യാവിഷ്കരണം. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. | |

## വിഷയം : പരിസരപഠനം

ലക്ഷ്യങ്ങൾ :

- പരിസ്ഥിതി സൗഹൃദം വളർത്തൽ
- ജൈവവൈവിധ്യ ഉദ്യാന പരിപാലനം
- നാടൻ ഔഷധ സസ്യങ്ങളെ തിരിച്ചറിയൽ, ഉപയോഗം മനസിലാക്കൽ
- വ്യക്തിശുചിത്വം - ബോധവൽക്കരണം.
- ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടുത്തൽ
- ലഘുശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടൽ.
- നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തലും ഗുണങ്ങൾ മനസ്സിലാക്കലും.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദം വളർത്തൽ | • പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടൽ.<br>• പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രവർത്തനങ്ങൾ. | ജൂൺ – മാർച്ച് | അധ്യാപകർ | PTA |
| ജൈവവൈവിധ്യ ഉദ്യാന പരിപാലനം. | • വീട്ടിലും സ്കൂളിലും പച്ചക്കറിത്തോട്ട നിർമ്മാണം. | ജൂലൈ - സെപ്റ്റംബർ | അധ്യാപകർ | കൃഷി ഭവൻ, PTA |
| നാടൻ ഔഷധസസ്യങ്ങളെ തിരിച്ചറിയൽ, ഉപയോഗം മനസ്സിലാക്കൽ. | • ഫീൽഡ് ട്രിപ്പ് (പാടം, കാവ്, വയൽ)<br>• ഔഷധത്തോട്ട നിർമ്മാണം.<br>• ഔഷധ സസ്യങ്ങളുടെ ശേഖരണം.<br>• പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്ന്. | അധ്യാപകർ | CPTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| വ്യക്തിശുചിത്വം. | • ശരിയായ കൈകഴുകൽ പരിശീലനം.<br>• രോഗവ്യാപനത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്<br>• പ്രതിരോധമരുന്നുകളുടെ വിതരണം.<br>• ശരിയായ ആരോഗ്യസംരക്ഷണ രീതികളെക്കുറിച്ച് അവബോധം നൽകുന്നു. | Health Club, അധ്യാപകർ | ജൂൺ - മാർച്ച് | ആരോഗ്യ വകുപ്പ്, PTA |
| ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടുത്തൽ | • ICT - ട്രാഫിക് ഗെയിംസ് പരിചയപ്പെടുത്തൽ<br>• ഭിന്നശേഷിക്കുട്ടികൾക്ക് മാതൃകാ ക്ലാസുകൾ<br>• സ്കൂൾ പരിസരത്ത് സൂചനാ | PTA അധ്യാപകർ | വർഷത്തിൽ ഒരിക്കൽ | BRC |

| | | | | |
|---|---|---|---|---|
| | ബെഞ്ചുകൾ സ്ഥാപിക്കൽ.<br>• ട്രാഫിക് സിഗ്നലുകൾ നിർമിക്കൽ, നിറം കൊടുക്കൽ | | | |
| നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തലും ഗുണങ്ങൾ മനസ്സിലാക്കലും. | • ഭക്ഷ്യമേള (നാടൻ ഭക്ഷണം) | PTA. | വർഷത്തിൽ ഒരിക്കൽ | CPTA |

# ഉപസംഹാരം

'ജ്യോതിസ്സ്' എന്ന ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ സമഗ്രമായ വിദ്യാഭ്യാസ വികസനം ആണ് ലക്ഷ്യമിടുന്നത്. പല ഘട്ടങ്ങളിലും വെച്ച് ഇത് മാറ്റം വരുത്തേണ്ടി വന്നേക്കാം. എന്നാലും നിയന്ത്രിതമായ ഒരു ചട്ടക്കൂടിനുള്ളിലൂടെ പോകുമ്പോൾ തീർച്ചയായും അത് മാറ്റത്തിന് വഴിയൊരുക്കും എന്ന് വിശ്വസിച്ചു കൊണ്ടുതന്നെയാണ് ഈ ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കിയത്. ഇതിൽ പി.ടി.എയുടെയും മറ്റ് അഭ്യുദയ കാംക്ഷികളുടെയും പങ്ക് നിസ്തുലമാണ്.